# അവളുടെ രഹസ്യം

— കമലാരാഘവൻ —

വിവർത്തകൻ:— കെ. എൻ. രാമൻ

സഹതാപം തോന്നിക്കുന്ന ഒരു ചെറിയ രൂപം ക്ലാസുമുറിക്ക് പുറത്തുവന്നു നിന്നു. അവൾ ധരിച്ചിരുന്നതു് നന്നേ വലിപ്പം കുറഞ്ഞ പാവാടയും ബ്ളൌസുമായിരുന്നു. ഒരു കൈകൊണ്ട് അവൾ ഒരു സ്ലെയിററ് മാറോടടക്കിപ്പിടിച്ചിരുന്നു. മറുകയ്യിൽ ഒരു ലക്കോട്ടുമുണ്ടായിരുന്നു.

"എന്താണതു്" ഞാനന്വേഷിച്ചു.

അവൾ മുറിയിലേക്ക് കടന്നുവന്ന് സംഭ്രമത്തോടുകൂടി കത്തെൻെറ നേരെ നീട്ടി. അതു് പ്രധാനാദ്ധ്യാപികയുടെ ഒരു കുറിപ്പായിരുന്നു.

"ഇതു കൊണ്ടുവരുന്നതു് 'സുന്ദരി'യാണ്. ഇന്നുമുതൽ അവൾ നിങ്ങളുടെ ക്ലാസിലുണ്ടായിരിക്കും."

ലജ്ജയോടും തെല്ലൊരു ഭയത്തോടും കൂടി നിന്നിരുന്ന ആ പുതിയ വിദ്യാർത്ഥിനിയെ ജിജ്ഞാസയോടെ നോക്കുന്ന നാല്പതു ജോഡി കണ്ണുകളെ ഞാൻ കണ്ടു. കണക്കു ക്ലാസിനെ ഭഞ്ജിപ്പിക്കുന്നതെന്തും കുട്ടികൾക്കാശ്വാസപ്രദമായിരുന്നതുകൊണ്ട് അവർ ഞാനെന്തെങ്കിലും പറയുന്നതും കാത്തുകൊണ്ട് പെൻസിൽ കടിക്കുവാൻ തുടങ്ങി.

"കുട്ടികളെ," ഞാൻ പരിചയപ്പെടുത്താൻ തുടങ്ങി "ഈ നില്ക്കുന്നതു് നമ്മുടെ ക്ലാസിൽ ചേർന്നിരിക്കുന്ന സുന്ദരി എന്ന കുട്ടിയാണ്. സരോജ്, സ്വല്പം നീങ്ങിയിരുന്ന് സുന്ദരിക്ക് സ്ഥലം കൊടുത്തുകൂടെ?"

സുന്ദരി ഒരു സ്ഥലം കണ്ടെത്തുമ്പോഴേയ്ക്കും കുട്ടികളിൽ ഒരു മുറുമുറുക്കൽ കേട്ടു. മററുള്ളവർ തങ്ങളുടെ കണക്കുകളിലേക്ക് തിരിച്ചപ്പോൾ അവൾ പുറത്തേക്ക് നോക്കിക്കൊണ്ടിരിക്കുകയായിരുന്നു. അവളുടെ പുരികങ്ങൾ ഏതോ മൂകമായ ചിന്തകളാൽ ചുളിഞ്ഞു. ഞാൻ അവളെത്തന്നെ ശ്രദ്ധിച്ചു. അവൾക്കുദ്ദേശം ആറോ, ഏഴോ വയസ്സു കാണും—ഏഴിനേക്കാളും ആറിനോടടുത്തിരിക്കും. അവളുടെ മുഖം അസാധാരണമായ ഒന്നായിരുന്നു—ഒരു ചെറിയ മൂക്കും, കൃശമായ ചുണ്ടുകളോടുകൂടിയ സുന്ദരമെന്നു പറയാൻ വയ്യാത്തവായും, ഒട്ടിയ കവിൾത്തടങ്ങളും, സ്വപ്നത്തിലും ശോകത്തിലും ചരിക്കുന്ന വലിയ കണ്ണുകളും അവൾക്കുണ്ടായിരുന്നു. വളരെ ധൃതിപ്പെട്ട് വളരാൻ എന്തോ ഒന്ന് പ്രേരിപ്പിച്ചിരുന്നതുപോലെ അവൾക്ക് പ്രായക്കൂടുതൽ തോന്നിച്ചിരുന്നു. "വളരെ ഇളംപ്രായത്തിലുള്ള ഒരു കുട്ടിക്ക് ഇത്തരത്തിലുള്ള ഒരു മുഖമൊ?" ഞാൻ തന്നത്താൻ ചോദിച്ചുപോയി.

അവളുടെ മിനുസമുള്ള മുടി രണ്ടുഭാഗമായി ഭംഗിയില്ലാത്തവിധത്തിൽ പിന്നിലേക്ക് പിന്നിയിട്ടിരുന്നു. വസ്ത്രങ്ങൾ മുഷിഞ്ഞതും ഉപേക്ഷയെ കാണിക്കുന്നതുമായിരുന്നു. അവളുടെ കണ്ണുകൾ പെട്ടെന്ന് എൻേറതുമായിടഞ്ഞു. ആ കണ്ണുകളിൽ കണ്ണീർകണങ്ങൾ മുററിനിന്നതായി എനിക്കു തോന്നി.

ഉച്ചഭക്ഷണത്തിനുള്ള ബെല്ലടിച്ചപ്പോൾ ക്ലാസു മുഴുവനും ആർത്തുവിളിച്ച് മുററത്തേക്കോടി. ആ ഒരു മുഴുവൻമണിക്കൂറും അവർക്കുള്ളതായിരുന്നു—ഉച്ചക്കു ശേഷമുള്ള ക്ലാസുകളിലേക്ക് മടങ്ങുന്നതിന്നുമുമ്പ് തൃപ്തിയാവോളം കളിക്കാനും കൂക്കിവിളിക്കാനുമുള്ള സന്ദർഭം. ഞാൻ, മൂന്നുപേർ

അദ്ധ്യാപികമാരായിട്ടുള്ള ആ ചെറിയ ഗ്രാമത്തിലുള്ള വളരെച്ചെറുതായ പ്രൈമറി സ്കൂളിൽ ചേർന്നതിനുശേഷം ഉച്ചക്കു ലഭിക്കുന്ന ഒഴിവുസമയം ചിന്തിക്കാനാണ് വിനിയോഗിച്ചിരുന്നത്. കുട്ടികൾ ചെയ്യുന്നതെല്ലാം നോക്കിനില്ക്കുക സന്തോഷപ്രദമാണ്. സന്തോഷത്തിന്റേയും സ്വാതന്ത്ര്യത്തിന്റേയുമായ ആ മണിക്കൂറിൽ അവർ ബുദ്ധിമുട്ടുപിടിച്ച കണക്കുകളേയും, അന്യോന്യമുള്ള വൈരങ്ങളേയും, അദ്ധ്യാപികമാരുടെ ചീത്തപറച്ചിലുകളേയും മറക്കുന്നു. ആ ദിവസം സുന്ദരിയും മുററത്തുണ്ടായിരുന്നെങ്കിലും അവളുടെ ചുററും കൂടാൻ കുട്ടികൾ വന്നില്ല. അവിടെയുള്ള ആ വലിയ പേരാൽ മരത്തിന്റെ ചുവട്ടിൽ ചിന്തയിൽ മുഴുകി അവളങ്ങിനെ ഇരിക്കുമ്പോൾ അസാധാരണമെന്നോണം മററ പെൺകുട്ടികൾ അവളെ ഒട്ടും ശ്രദ്ധിക്കുന്നതായി തോന്നിയില്ല.

ആ ദിവസത്തെ ക്ലാസ്സുസമയത്തിന്റെ അവസാനത്തിൽ ഞാൻ അവൾക്ക് പുസ്തകങ്ങളുടെ ലിസ്റ്റ് കൊടുക്കുകയും മററ കുട്ടികളോടൊപ്പം ചേരാൻ അവ ഉടൻതന്നെ വാങ്ങിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. വൃത്തിയുള്ള നല്ല വസ്ത്രങ്ങൾ ധരിക്കണമെന്ന് ഞാനവളെ ഉപദേശിച്ചു. അവൾ തല കുലുക്കിക്കൊണ്ട് ആ ചെറിയ ഗെയിററിനെ ലക്ഷ്യമാക്കിക്കൊണ്ട് നടന്നുപോയി. അവിടെ ശോഷിച്ചവനും ക്ഷീണം തോന്നിക്കുന്നവനുമായ ഒരു മനുഷ്യൻ അവളെ വീട്ടിലേക്കു കൊണ്ടുപോകാൻ കാത്തുനിന്നിരുന്നു. അവൾ അവനെ നോക്കുന്നതും ആ ദിവസത്തിലാദ്യമായി അവളുടെ മുഖത്ത് ഒരു പുഞ്ചിരി വിടരുന്നതും ഞാൻ കണ്ടു. അവളുടെ ചെറിയ കയ്യ് അവൻ പിടിക്കുകയും രണ്ടുപേരും നടന്നകലുകയും ചെയ്തു.

സുന്ദരി അവളുടെ ക്ലാസ്സുകളിൽ കൃത്യമായി ഹാജരായിക്കൊണ്ടിരിക്കുകയും മററുള്ള നല്ല കുട്ടികളെപ്പോലെ പഠിക്കുകയും ചെയ്തു. അവൾ മററുള്ള കുട്ടികളോടൊപ്പം പഠിക്കാൻ തുടങ്ങുകയും എന്റെ ചോദ്യങ്ങൾക്കെല്ലാം മറുപടി നല്കുകയും ചെയ്തിരുന്നു. എന്നാൽ ക്ലാസിന് പുറത്ത് സഹപാഠികളോടവൾ ആദ്യത്തെ ദിവസത്തെപ്പോലെത്തന്നെ പെരുമാറി. അത്തരത്തിലുള്ള ഒരു ചെറിയ കുട്ടിയെ അവളുടെ വയസ്സിൽ ഒററപ്പെട്ടു നിർത്താൻ പ്രേരകമായതെന്താണെന്ന് ഞാനത്ഭുതപ്പെട്ടു. ഇതിനെപ്പററി അടുത്ത ദിവസംതന്നെ അവളോട് ചിലത് ചോദിക്കണമെന്നെനിക്കു തോന്നി.

അവൾ മുഷിഞ്ഞ വസ്ത്രം ധരിച്ചാണ് അന്നും ക്ലാസിൽ വന്നത്. എന്റെ ക്ഷമ നശിച്ചു. ദേഷ്യപ്പെട്ട് ഞാനിങ്ങനെ പറയാൻ തുടങ്ങി—“സുന്ദരി, നീ ഈ ക്ലാസിൽ വരാൻ തുടങ്ങിയിട്ട് ഒരു മാസത്തോളമായല്ലൊ. നിന്റെ സഹപാഠികൾ വൃത്തിയായും വെടിപ്പായും സ്കൂളിൽ വരുന്നത് നിനക്ക് കണ്ടുകൂടെ. നിനക്ക് നീ വളരെ ചീത്തയായ വിധത്തിലാണ് വസ്ത്രം ധരിച്ചിരിക്കുന്നതെന്ന് മനസ്സിലാക്കാനുള്ള പ്രായമായിട്ടുണ്ട്. എന്തുകൊണ്ടാണ് നീ തെരുവുകളിലെ ഒരു ഭ്രാന്തിപ്പെണ്ണിനെപ്പോലിരിക്കുന്നത്!”

എന്റെ വാക്കുകൾ അവളെ തേങ്ങിക്കരയിപ്പിക്കുകയും കണ്ണീർ അവളുടെ കണ്ണുകളിൽനിന്ന് ധാര മുറിയാതെ പ്രവഹിക്കാൻ തുടങ്ങുകയും ചെയ്തു. മററ കുട്ടികൾ ഒരു നിമിഷനേരം അവളെത്തന്നെ നോക്കി ഉറക്കെ പൊട്ടിച്ചിരിച്ചു. പിടിച്ചുനിർത്താൻ കഴിയാത്ത തമാശകൾ പറഞ്ഞാലത്തെപ്പോലെയുള്ള കുട്ടികളുടെ ഈ പെരുമാററം എന്നെ ശുണ്ഠിപിടിപ്പിച്ചു. ഞാൻ എല്ലാവരോടും അടങ്ങിയിരിക്കാനാജ്ഞാപിക്കുകയും ക്ലാസ്സ് മെല്ലെ ശാന്തമാവുകയും ചെയ്തു. പക്ഷെ ആ തേങ്ങലുകൾ ദിവസം മുഴുവൻ കേൾക്കാമായിരുന്നു.

ആ വൈകുന്നേരം സുന്ദരി അവളുടെ അച്ഛനടുത്തേക്കു പോയപ്പോൾ ഞാനവളോടൊന്നിച്ച് ഗെയിററുവരെ പോവുകയും, ആ ചെറുപ്പക്കാരന് എന്റെ അഭിപ്രായങ്ങൾ മനസ്സിലാക്കിക്കൊടുക്കാൻ നിശ്ചയിക്കുകയും ചെയ്തു. അയാളെന്നെക്കണ്ടപ്പോൾ കൈകൾ പൊക്കി

“നമസ്തെ” പറഞ്ഞു. ഞാൻ സുന്ദരിയുടെ അദ്ധ്യാപികയാണെന്ന് തന്നത്താൻ പരിചയപ്പെടുത്തി. തലമുടി ചീകാത്ത അവന്റെ അവസ്ഥ എന്റെ കോപത്തെ ഇരട്ടിപ്പിച്ചു.

ഞാനിങ്ങനെ തുടങ്ങി. “എനിക്കിതിനെപ്പററി പറയേണ്ടിവന്നതിൽ ഖേദമുണ്ട്. സുന്ദരി അവളുടെ ക്ലാസിനനുയോജ്യയല്ലെന്ന് നിങ്ങൾ മനസ്സിലാക്കണം. ഞാൻ സംശയിക്കുന്നു, അവളെ മററുള്ളവർ അവഗണിക്കുന്നതു് ഇത്തരത്തിലുള്ള വേഷത്താലാണെന്ന്. നിങ്ങൾക്ക് ഭാര്യയെ കുറച്ചു സമയം ഈ കുട്ടിക്കുവേണ്ടി ചിലവാക്കാൻ പ്രേരിപ്പിച്ചുകൂടെ?”

എന്റെ വാക്കുകൾ അവനുള്ളിൽ തട്ടുകയും അവന്റെ നില തെററിക്കുകയും ചെയ്തുവെന്നു തോന്നുന്നു. അവന്റെ കൈകൾ ദയനീയമായ അംഗവിക്ഷേപത്തോടുകൂടി സുന്ദരിയുടെ തലയിൽ വെച്ചുകൊണ്ടു് അവനെന്നെ നോക്കി.

“സുന്ദരിയുടെ അമ്മ ഞങ്ങളോടുകൂടെ ഇല്ല. ഞാൻ തന്നെയാണ് സുന്ദരിയെ വസ്ത്രം ധരിപ്പിക്കുന്നതും തലമുടി ചീകികെട്ടിക്കുന്നതും. ഒരു പുരുഷൻ ഇക്കാര്യങ്ങളിൽ പരിചയമില്ലാത്തവനും നിസ്സഹായനുമാണ്.” കരുണ തോന്നിക്കുന്നതും മാപ്പപേക്ഷിക്കുന്ന തരത്തിലുള്ളതുമായ സ്വരത്തിലാണവനിത്രയും പറഞ്ഞതു്.

“ഇതൊന്നും ഞാനറിഞ്ഞില്ല” ഞാൻ പറയാൻ തുടങ്ങി. “സുന്ദരീ, നിന്റെ അമ്മ എവിടെ?”

അവൾ ഒരക്ഷരം മിണ്ടാതെ അച്ഛന്റെ മുഖത്തേക്ക് നോക്കിനിന്നു. അവൻ അല്പനേരം സംഭ്രമിച്ചുനിന്ന് അവളുടെ തല തലോടിത്തുടങ്ങി. പിന്നീടവൻ സൌമ്യമായി പറഞ്ഞു.

“ഞാൻ വിചാരിച്ചു, നിങ്ങളിതറിയുമെന്ന്. ഈ ഗ്രാമത്തിലുള്ള സകലർക്കുമിതറിയാം. എന്റെ ഭാര്യ ജില്ലാ ഭ്രാന്താസ്പത്രിയിലാണ്.”

ഇതു കേട്ടപ്പോൾ ഒരു വലിയ ഉരുളൻകല്ല് തലക്കു വീണപോലെ എനിക്കനുഭവപ്പെട്ടു. ഞാനെന്തൊരുതരത്തിലുള്ള വിഡ്ഢിയായിപ്പോയി—എത്ര നിന്ദ്യയായ വിഡ്ഢി!

ഇപ്പോൾ ആ പെൺകുട്ടിയുടെ മുഷിഞ്ഞ വേഷത്തേയും, അവളുടെ വിദൂരതയിലേക്കുള്ള നോട്ടത്തേയും, ഒററപ്പെട്ടുനില്പിനേയും, ഹൃദയദ്രവീകരണമുണ്ടാക്കുന്ന തേങ്ങലുകളേയും എനിക്കു മനസ്സിലാക്കാൻ കഴിയും. ആ ഗ്രാമത്തിലുള്ള കുട്ടികളെ ഒന്നടക്കം പൊട്ടിച്ചിരിപ്പിച്ച എന്റെ കല്പിച്ചുകൂട്ടിയല്ലാത്ത ക്രൂരമായ വാക്കുകൾ അവളെ എന്തുമാത്രം വേദനിപ്പിച്ചിരിക്കും. ഞാനൊരിക്കലും കാണാതിരുന്ന ആ വിഷമപ്രശ്നത്തിന്റെ ഭാഗങ്ങൾ അവിടെ ഒന്നിച്ചുകൂടി ഒരു ചിത്രമായിത്തീർന്നിരുന്നു. എന്റെ വാക്കുകൾ ആ കൊച്ചുഹൃദയത്തെ തകർത്തിരിക്കും. എന്റെ കണ്ണുകളിൽ കണ്ണീർ തള്ളിവരുന്നതായെനിക്കു തോന്നി. ഞാനാ രണ്ടു മുഖങ്ങൾ അസ്പഷ്ടമായി എന്റെ മുന്നിൽ കണ്ടു.

“അവളെ വീണ്ടെടുക്കാൻ കഴിയില്ലേ?” ഞാനെന്നോടുതന്നെ ചോദിച്ചു.

“ഒരാൾക്കും സാദ്ധ്യമല്ല” അവൻ മെല്ലെ പറഞ്ഞു.

പൊടുന്നനെ ഒരാശയം എന്റെ മനസ്സിൽ പൊങ്ങിവന്നു. അതു ഞാൻ പറഞ്ഞപ്പോൾ അവൻ ഞെട്ടിത്തെറിക്കുകയും സുന്ദരി പാവയെപ്പോലെ മൂകയായി നില്ക്കുകയും ചെയ്തു. എന്നാൽ ഒടുക്കം ഞാനവരെ സമ്മതിപ്പിച്ചു.

ആ വളരെച്ചെറിയ ക്ലാസുമുറിയിൽ ഞാനടുത്തദിവസം പ്രവേശിച്ചപ്പോൾ അതിലെ നിവാസികൾക്കൊ, അതിന്നൊ ഒരു മാററവും വന്നിരുന്നില്ല. സുന്ദരിയുടെ മുഖത്തു മാത്രം മുമ്പെങ്ങും കണ്ടിട്ടില്ലാത്ത ഒരു ഗൌരവമുണ്ടായിരുന്നു.

ഞാൻ പറയാൻ തുടങ്ങി "പെൺകുട്ടികളെ, ഞാൻ പറയുന്നതു് നിങ്ങൾ ശ്രദ്ധിച്ചിരുന്നു കേൾക്കണം" എന്റെ തൊണ്ട സ്വല്പനേരത്തേക്കു് വരണ്ടുപോയി. ഞാൻ വീണ്ടും പറഞ്ഞു "സുന്ദരിയുടെ അമ്മ ഇന്നലെ രാത്രി മരിച്ചുപോയി. നിങ്ങളെല്ലാവരും എഴുന്നേററുനിന്നു് അവൾക്കുവേണ്ടി പ്രാർത്ഥിക്കണം."

ക്ലാസു മുഴുവൻ വീർപ്പുമുട്ടുന്നതായും അടക്കിനിർത്തിയ തേങ്ങലുകൾ നിയന്ത്രണാതീതമാകുന്നതായുമെനിക്കു തോന്നി. എല്ലാവരും എഴുന്നേററുനിന്നു. അവരുടെ കുനിച്ച തലകൾക്കു മീതെ സുന്ദരിയുടെ കറുത്ത നയനങ്ങൾ എന്റേതുമായി-യുകയും അവ നന്ദിസൂചകമായി പ്രകാശിക്കുകയും ചെയ്തു. കുട്ടികളെല്ലാവരുമിരുന്നപ്പോൾ ഓരോരുത്തരുടേയും മുഖത്തു സഹതാപവും വ്യസനവും എനിക്കു കാണാൻ കഴിഞ്ഞു. ഞാൻ എന്റെ പകുതി ഗെയിം ജയിച്ചപോലെ എനിക്കാശ്വാസം തോന്നി.

ഉച്ചഭക്ഷണസമയത്തു ജനലുകളിൽക്കൂടെ പുറത്തേക്കു കണ്ണോടിച്ചപ്പോൾ സുന്ദരി ഉച്ചത്തിൽ സംസാരിച്ചുകൊണ്ടിരുന്ന ഒരുകൂട്ടം കുട്ടികളാൽ വലയം ചെയ്യപ്പെട്ടതായിക്കണ്ടു.

ഇതുവരെ വിവരിക്കാൻ കഴിയാത്ത ബാലിശപ്രകൃതികൊണ്ടു് ഒരു ഭ്രാന്തത്തിയായ മാതാവിന്റെ മകളാണെന്ന കാരണത്താൽ അവളെ അവർ ഒഴിച്ചുനിർത്തി. ഇപ്പോൾ അവൾ അത്തരത്തിലുള്ള മാതാവിന്റെ ബന്ധത്തിൽനിന്നും വിട്ടവളാണെന്നു വിശ്വസിച്ചു് അവർ അവളെ തങ്ങളുടെ കൂട്ടത്തിലെടുത്തു.

ഞാൻ വൈകുന്നേരം വീട്ടിലേക്കു പോകാൻ പുസ്തകങ്ങളെടുക്കുമ്പോൾ ദീനദയാലുവായ ദൈവം എന്റെ നുണപറച്ചലിനെ ക്ഷമിക്കുമെന്നു വിശ്വസിച്ചു—ആ നുണ അസന്തുഷ്ടയായിരുന്ന ഒരു കൊച്ചുപെൺകുട്ടിയുടെ ഭാവിജീവിതം സന്തുഷ്ടമാക്കിത്തീർത്തു

# ജീവിതപരിണാമങ്ങൾ

K. Ahammad, Pre-U. C.

ഒരു ഫാക്ടറിയുടമയാണ് രാജാറാം. ആ ഫാക്ടറിയിൽ ദിനംപ്രതി 300ൽപരം തൊഴിലാളികൾ പ്രവർത്തിക്കുന്നുണ്ട്. രാജാറാമിനു ഫാക്ടറിയിൽനിന്നു നല്ല ഒരു സംഖ്യ വരുമാനമുണ്ട്. കൂടാതെ അദ്ദേഹത്തിനു പാട്ടംവക നെല്ല്, പണം മുതലായവ ധാരാളം കിട്ടാനുണ്ട്. രണ്ടു കുട്ടികൾ മാത്രമേയുള്ളു; ഒരാണും ഒരു പെണ്ണും.

രാജുവിന്റെ വിദ്യാഭ്യാസം ചെറുപ്പത്തിൽ വീട്ടിൽവെച്ചുതന്നെ തുടങ്ങി. രാജാറാം അതിന്നായി ഒരു ട്യൂഷൻമാസ്റ്ററെ നിശ്ചയിച്ചു. അതിനുശേഷം അവനെ മൂന്നാംക്ലാസ്സിലാണ് ചേർത്തിയതു്. രാജു ഒരു സൽസ്വഭാവിയാണ്. അദ്ധ്വാനിച്ചു പഠിക്കും. 6-ാമത്തെ കൊല്ലം അവൻ E. S. L. C. സർട്ടിഫിക്കററു കരസ്ഥമാക്കി. അതിനുശേഷം അവനെ റോബർട്ട് ഹൈസ്കൂളിൽ നാലാംഫോറത്തിൽ ചേർത്തു. എന്നാൽ ഇപ്പോൾ അവന്റെ സ്വഭാവത്തിൽ അല്പാല്പം മാററം വരാൻ തുടങ്ങിയിരിക്കയാണ്. ഭാഗ്യവശാൽ 5-ാംഫോറത്തിൽനിന്നു മാത്രമേ അവൻ ഒരു കൊല്ലംകൊണ്ടു പാസ്സായിട്ടുള്ളു. നാലും ആറും ഫോറങ്ങളിൽ അവന്നു് ഈരണ്ടു കൊല്ലം ചിലവഴിക്കേണ്ടിവന്നു. ഇപ്പോൾ അവൻ ആറാംഫോറത്തിൽ പഠിക്കുകയാണ്.

രാജാറാമിന്റെ ഫാക്ടറി തൊഴിലാളികളിൽ ഒരാളുടെ പുത്രനാണ് സത്യൻ. സത്യന്റെ അച്ഛനു് ഫാക്ടറിയിൽനിന്നു കിട്ടുന്ന ദിവസക്കൂലികൊണ്ടുവേണം അഞ്ചംഗങ്ങളുള്ള ഒരു കുടുംബം പുലർത്താൻ. അയാളുടെ മൂത്ത പുത്രനാണ് സത്യൻ. ആറു വയസ്സു പ്രായം. അവൻ പലപ്പോഴും പറയും "അച്ഛാ! എനിക്കും സ്കൂളിൽ പോകണം. മുതലാളിയുടെ വീട്ടിലെ രാജു സ്കൂളിൽ പോണല്ലോ. എന്താച്ഛാ, എന്നേയും പറഞ്ഞേക്യാ?" സത്യന്റെ ചോദ്യങ്ങൾ കേൾക്കുമ്പോൾ രഘുലാൽ നിരാശാഭാവത്തിൽ മറുപടി പറയും "മോനെ രാജു, മുതലാളിയുടെ പുത്രനല്ലെ; അതു നമ്മൾ നോക്കീട്ടെന്താ?" അപ്പൊഴെക്കും രഘുലാലിനു തൊണ്ടയിടറും. പിന്നീടു ഒന്നുംതന്നെ ചോദിക്കാതെ സത്യൻ ഇളയ സഹോദരിയോടുകൂടി കളിക്കാൻ പോകും. ഈ ചോദ്യങ്ങൾ സത്യൻ പലപ്പോഴും ആവർത്തിക്കാറുണ്ട്. അന്നു രാജു മൂന്നാംക്ലാസ്സിൽ പഠിക്കുകയാണ്.

രഘുലാൽ വിചാരിച്ചു ഏതെങ്കിലും വിധത്തിൽ സത്യനെ പഠിപ്പിക്കണമെന്നു്. അദ്ദേഹം കിട്ടുന്ന കൂലിയിൽ ഒരു പങ്ക് വേറെ വെച്ചു. ബാക്കികൊണ്ടു കുഡുംബച്ചിലവും കഴിച്ചു. കുറച്ചു ദിവസങ്ങൾക്കു ശേഷം രഘുലാൽ സത്യനെ സ്കൂളിൽ ചേർത്തു. മിച്ചമുണ്ടാക്കിയ പണം കൊണ്ടു സ്ലേററും പുസ്തകവുമെല്ലാം വാങ്ങി. ഒന്നാംക്ലാസ്സിലാണ് ചേർത്തിയതു്. മുതലാളി ദിവസക്കൂലി മാത്രമെ കൊടുത്തിരുന്നുള്ളു. സത്യന്റെ വിദ്യാഭ്യാസത്തിലേക്കായി വല്ലതും തരേണമെന്നു രഘുലാൽ ആവശ്യപ്പെട്ടപ്പോൾ മുതലാളി നിഷേധരൂപത്തിലുള്ള മറുപടിയാണ് പറഞ്ഞതു്. സത്യന്റെ വിദ്യാഭ്യാസത്തിനു വേണ്ട പണം രഘുലാൽ തന്റെ സുഹൃത്തുക്കളായ ചില തൊഴിലാളികളിൽനിന്നും മററുചില സാധാരണക്കാരിൽനിന്നും വാങ്ങി.

സത്യൻ ഇപ്പോൾ അഞ്ചാംഫോറത്തിൽ പഠിക്കുകയാണ്. അവൻ ഇതുവരെ ഒരു ക്ലാസ്സിലും തോററിട്ടില്ല. സത്സ്വഭാവിയാണ്. സഹപാഠികൾക്കു മാത്രമല്ല നാട്ടുകാർക്കും അവനോടു വലിയ ഇഷ്ടമാണ്. അവന്നു പഠിപ്പിലുള്ള ശ്രദ്ധ കണ്ടു് അദ്ധ്യാപകന്മാർ അവനെ കൂടുതൽ ഇഷ്ടപ്പെട്ടു. അടുത്ത പരീക്ഷയിൽതന്നെ സത്യൻ പാസ്സായി. പഠിപ്പിലും സ്വഭാവത്തിലുമെ-

ല്ലാം മററ വിദ്യാർത്ഥികളെ അപേക്ഷിച്ച് ഒന്നാമൻ സത്യൻതന്നെയായിരുന്നു. ഹൈസ്കൂൾ ക്ലാസ്സുകളിൽ പഠിക്കുമ്പോൾ സൈൻസിൽ അവനു കൂടുതൽ പ്രതിപത്തിയുണ്ടാവാൻ തുടങ്ങി. അന്നു അവനു ചില പ്രഥമശുശ്രൂഷകളും അറിയാമായിരുന്നു. ഇപ്പോൾ സത്യനും രാജുവും ഒരേ ക്ലാസ്സിൽ—ഒരേ ബഞ്ചിൽ—ഇരുന്നു പഠിക്കുകയാണ്. സഹപാഠികൾ എത്രതന്നെ യാചിച്ചാലും രാജു കൊടുക്കില്ല. പണം വെച്ചു ശീട്ടുകളിയിൽ അവനു പ്രത്യേകമൊരാസക്തിയുണ്ട്. കാലക്രമേണ അവൻ വിദ്യാർത്ഥികളുടെ വെറുപ്പിനു പാത്രമായിത്തീർന്നു.

ഇതിന്നിടയിൽ പല പരീക്ഷകളും കഴിഞ്ഞു. സത്യൻ നല്ല മാർക്ക് വാങ്ങുകയാണ്. ധാരാളം മാർക്ക് വാങ്ങിയതുകൊണ്ടു അവൻ പലപ്പോഴും സമ്മാനത്തിന്നർഹനായിട്ടുണ്ട്. അദ്ധ്യാപകന്മാർക്ക് അവനോടു വലിയ സ്നേഹമാണ്. സത്യൻ പല സ്നേഹിതന്മാരുടേയും പുസ്തകങ്ങൾ വാങ്ങി വായിക്കുകയാണ് പതിവ്. ഒരു ദിവസം അവൻ വായിക്കുവാൻ വേണ്ടി രാജുവിനോട് ഒരു പുസ്തകം ആവശ്യപ്പെട്ടു രാജു കൊടുത്തില്ല. സത്യൻ നിരാശനായി മടങ്ങി. എന്നാൽ അവൻ മറെറാരു സ്നേഹിതനോടു പുസ്തകം വാങ്ങി വായിച്ചു. അച്ഛൻെറ ഫാക്ടറി തൊഴിലാളികളിൽ ഒരാളുടെ പുത്രൻ അവനേക്കാൾ മാർക്ക് വാങ്ങുകയും മററുള്ളവരുടെ പ്രീതിക്കു പാത്രമാവുകയും ചെയ്യുന്നതു കണ്ടു രാജുവിനു സത്യൻെറ നേരെ അസൂയ തോന്നി.

S. S. L. C. പരീക്ഷയ്ക്കുള്ള സ്ലീം കിട്ടി. പരീക്ഷ അടുത്തു. എല്ലാവരും പഠിക്കുകയാണ്. പരീക്ഷ കഴിഞ്ഞു. രാജുവും അവൻെറ ചില സ്നേഹിതന്മാരും പകൽ മുഴുവനും പുഴക്കരയിലുള്ള പട്ടു വിരിച്ച മണൽത്തിട്ടിൽ ശീട്ടുകളിയുമായി കഴിച്ചുകൂട്ടും. മിക്ക ദിവസങ്ങളിലും ആറുമണിയാകുമ്പോഴേക്കും അവർ സിനിമാ തിയേററിൽ ഹാജരുണ്ടായിരിക്കും. പണമെല്ലാം രാജുവിൻേറതുതന്നെ.

ആ സമയത്ത് സത്യൻ അവൻെറ കൂട്ടുകാരോടുകൂടി വായനശാലകളിലും, പ്രസംഗപരിശീലനക്ലാസ്സുകളിലും, സമയം കഴിച്ചു. എല്ലാവരും പരീക്ഷയുടെ 'റിസൾട്ട്' പ്രതീക്ഷിച്ചുകൊണ്ടിരിക്കയാണ്. രാജുവും, സ്നേഹിതന്മാരും പത്രങ്ങളെ സമീപിക്കാൻ തുടങ്ങി. ഒരു ദിവസം S. S. L. C. പരീക്ഷയിൽ വിജയികളായവരുടെ നമ്പറുകൾ പത്രത്തിൽ പ്രത്യക്ഷപ്പെട്ടു. എല്ലാവരും ജിജ്ഞാസയോടെ അവരവരുടെ നമ്പർ തിരയുവാൻ തുടങ്ങി. സത്യൻേറയും മററും നമ്പർ കണ്ടു. എന്നാൽ രാജുവിൻേറയും മററചില വിദ്യാർത്ഥികളുടേയും നമ്പർ പൂജ്യമായിരുന്നു.

രാജാറാം കടക്കാരനായിരിക്കയാണ്. അയാൾക്ക് ഫാക്ടറി പൂട്ടേണ്ടതായി വന്നു. തൊഴിലാളികൾ മററചില ഫാക്ടറികളിൽ പ്രവൃത്തിക്കാരായി ചേർന്നു. രഘുലാൽ ഇപ്പോഴും ഒരു തൊഴിലാളിതന്നെയാണ്.

വിജയികളായ വിദ്യാർത്ഥികളിൽ പലരും കോളേജുകളിൽ പോയി ചേരാൻ തുടങ്ങി. സത്യനും കോളേജിൽ പോകാൻ നല്ല ആഗ്രഹമുണ്ട്. പക്ഷെ പണത്തിൻെറ കാര്യം! അവൻെറ മനോഗതം അറിഞ്ഞ രഘുലാൽ പല മാർഗ്ഗങ്ങളുമാരാഞ്ഞു. ഒടുവിൽ നാട്ടുകാരുടെ സഹായത്താൽ സത്യനെ കോളേജിൽ ചേർത്തി. അവൻ അവിടെയും ധാരാളം സ്നേഹിതന്മാരെ സമ്പാദിച്ചു. അവൻെറ സ്വഭാവവും സാമർത്ഥ്യവും കണ്ടു നാട്ടുകാരുടെ മനസ്സിൽ അവനെ പഠിപ്പിക്കണമെന്ന മോഹം കൂടുതൽ വർദ്ധിച്ചു. അവർ കഴിയുന്ന സഹായങ്ങൾ ചെയ്തു. കോളേജിൽ നടക്കുന്ന എല്ലാ പരിപാടികളിലും സത്യനു ഒരു പ്രത്യേക പങ്കുണ്ടായിരുന്നു. പല പരീക്ഷകളും തരണം ചെയ്തു സത്യൻ ഇപ്പോൾ മെഡിക്കൽ കോളേജിലെ വിദ്യാർത്ഥിയാണ്.

രാജു ചില തെരുവുതെണ്ടികളുടെ കൂടെ അവനു പ്രത്യേകാസക്തിയുള്ള ആ പൂർവ്വജോലി തന്നെ തുടർന്നുവരികയാണ്. ആ സമയത്തിന്നിടയിൽ രാജാറാം ഹൃദ്രോഗത്താൽ മൃതിയടഞ്ഞു. ഇപ്പോൾ കുടുംബഭാരം രാജുവിന്റെ കയ്യിലാണ്. അമ്മയും, ഏകസഹോദരിയും മാത്രമാണ് അവന്റെ കുടുംബത്തിലെ അംഗങ്ങൾ. അവർ ഇപ്പോൾ വളരെ അരിഷ്ടിച്ച് ജീവിതം കഴിക്കുകയാണ്.

അധികകാലം കഴിയുന്നതിനു മുമ്പ് അമ്മയും ഇഹലോകവാസം വെടിഞ്ഞു. ഇപ്പോൾ 9 വയസ്സായ ഒരു സഹോദരി മാത്രമാണ് അവന്റെ കൂട്ടുകാരി. രാജു വിവാഹം കഴിച്ചു. ഇപ്പോൾ ഒരു കുട്ടിയുണ്ട്; ഒരാൺകുട്ടി. അവർ ഇപ്പോഴും വളരെ അരിഷ്ടിച്ചുകൊണ്ടാണ് ജീവിതം കഴിക്കുന്നത്.

സത്യൻ M. B. B. S. പാസ്സായി. ഇപ്പോൾ ബോമ്പെ ഗവൺമെണ്ടാസ്പത്രിയിലെ ഡോക്ടറാണ്. പഠിക്കുവാൻ വേണ്ടി സഹായങ്ങൾ ചെയ്ത നാട്ടുകാരോട് അവന്ന് ബഹുമാനമുണ്ട്; ആദരവുണ്ട്. ബോമ്പെയിലും സത്യനെ സ്നേഹിക്കാനും, ബഹുമാനിക്കാനും ആളുകൾ ധാരാളമുണ്ട്. ശമ്പളം കിട്ടുമ്പോഴൊക്കെ അവൻ വീട്ടിലേക്കു പണമയക്കും. വീട്ടിൽ യാതൊന്നിനും ഇപ്പോൾ ക്ഷാമമില്ല. അന്തർജനം, സഹോദരികൾ സ്കൂളിൽ പഠിക്കുവാൻ വേണ്ടുന്ന ചിലവിനും സത്യൻ പണമയച്ചുവന്നു.

രാജുവിന്റെ പുത്രന്ന് ഒരു ഭയങ്കരരോഗം പിടിപെട്ടിരിക്കയാണ്. പുത്രന്റെ രോഗശമനത്തിന്നു യാതൊരു മാർഗ്ഗവും കാണാതെ രാജു കുഴങ്ങുകയാണ്. ഒടുവിൽ രാജു സത്യനെ സമീപിക്കുവാൻ തീർച്ചയാക്കി. ഒരു ദിവസം അദ്ദേഹം പുത്രനോടുകൂടി ആസ്പത്രിയിലേക്കു പുറപ്പെട്ടു. വൈകുന്നേരം സുമാർ മൂന്നുമണിക്ക് അവർ ആസ്പത്രിയിലെത്തി. മുതലാളിയുടെ പുത്രനായ രാജുവിനെ കണ്ട ഉടനെ സത്യൻ കസേലയിൽനിന്നെഴുന്നേററു രാജുവിന്റെ കൈ പിടിച്ചു കസേലയിലിരുത്തി. രാജു ആദ്യം ഇരിക്കുവാൻ മടിച്ചു. എങ്കിലും ഇരിക്കുവാൻ നിർബ്ബന്ധിതനായി. രാജു വിവരമെല്ലാം സത്യനെ അറിയിച്ചു. ഡോ. സത്യൻ ഉടനെ കുട്ടിയെ പരിശോധിച്ചു ഒരാഴ്ച അവിടെ താമസിപ്പിക്കേണമെന്നു പറഞ്ഞു. എന്നാൽ അതു സമ്മതിക്കുകയല്ലാതെ രാജുവിന്നു ഗത്യന്തരമുണ്ടായിരുന്നില്ല. പുത്രനെ ചികിത്സിക്കുന്നതിന്നു പ്രതിഫലമായി ഡോക്ടർക്ക് കൊടുക്കുവാൻ ഭാര്യയുടെ ഒരു സ്വർണ്ണ'ചെയിൻ' വിററുണ്ടാക്കിയ കുറച്ചു പണമല്ലാതെ ഒന്നുംതന്നെ ഉണ്ടായിരുന്നില്ല. രാജു അതെടുത്തു ഡോക്ടരുടെ കയ്യിലേക്കു നീട്ടി. ഡോക്ടർ വാങ്ങിയില്ല. "നിങ്ങളുടെ കുട്ടിയെ ചികിത്സിക്കുന്നതിന്നു ഞാൻ പ്രതിഫലം ഇച്ഛിക്കുന്നില്ല" എന്നു പറഞ്ഞു. രാജു യാത്രപറയുവാൻ ഭാവിച്ചു.

ഡോക്ടർ ഉടനെ ഡ്രൈവറെ വിളിച്ചു കാർ കൊണ്ടുവരാൻ പറഞ്ഞു. ഡ്രൈവർ വേഗം കാറുമായി വന്നു. ഡോക്ടർ പോക്കററിൽനിന്നു ഒരു സിഗരററപേക്കെടുത്തു അതിൽനിന്നു രണ്ടു സിഗരററെടുത്തു ഒന്നു രാജുവിന്നു കൊടുത്തു. മററതു അയാൾതന്നെ തീ കൊളുത്തി വലിച്ചു കൊണ്ടു പുറത്തേക്കിറങ്ങി. രാജുവിന്റെ പുത്രൻ ആസ്പത്രിയിൽ കിടക്കുകയാണ്. രാജുവും, സത്യനും, ഡ്രൈവറും കാറിൽ കയറി. ഡ്രൈവർ കാർ "സ്റ്റാർട്ടു' ചെയ്തു. കാർ നീങ്ങുവാൻ തുടങ്ങി.

സത്യൻ അയാളുടെ ഭാര്യയോടും കുട്ടികളോടും കൂടി ക്വീൻ സ്ട്രീററിലുള്ള ഒരു ബംഗ്ലാവിലാണ് താമസം. ബംഗ്ലാവ് അയാൾ വാടകക്കെടുത്തതാണ്.

കാർ ടൌണിൽക്കൂടി കുതിച്ചോടിക്കൊണ്ട് സത്യൻെറ ബംഗ്ലാവിൻെറ മുററത്തെത്തി. അവർ മൂന്നാളും കാറിൽനിന്നിറങ്ങി ആപ്പീസ്സുമുറിയിൽ പ്രവേശിച്ചു. അപ്പോഴെക്കും അകത്തുനിന്ന് ഒരു ഭൃത്യൻ ഓടിവന്നു. കുട്ടികൾ അങ്ങോട്ടുമിങ്ങോട്ടും വലിച്ചിട്ട കസേലകളെല്ലാം യഥാസ്ഥാനത്തു വെച്ചു പൊടിതട്ടി. സത്യനും, അതിഥിയും കസേലയിലിരുന്നു. അപ്പോഴെക്കും സത്യൻെറ ഇളയ പുത്രി കമല ഓടിവന്നു സത്യൻെറ മുമ്പിൽ മേശപ്പുറത്തുണ്ടായിരുന്ന 'സ്റ്റെതോസ്കോപ്പ്'' ചൂണ്ടിക്കാണിച്ചുകൊണ്ട് ''അച്ഛാ, അതിങ്ങു തരൂ. ഞാനൊന്നു ചെവിയിൽ വെച്ചു നോക്കട്ടെ'' എന്നു പറഞ്ഞു. എന്നാൽ അതു കൊടുക്കാതിരിക്കാനുള്ള പല ഒഴികഴിവും പറഞ്ഞു അദ്ദേഹം കമലയെ അകത്തേക്കു പറഞ്ഞയച്ചു. അല്പസമയത്തിന്നുശേഷം ഭൃത്യൻ ഭക്ഷണസാധനങ്ങളെല്ലാം കൊണ്ടുവന്നു. കേമമായ ഒരു സദ്യക്കുശേഷം രാജു യാത്രപറയുവാൻ ഭാവിച്ചു. പക്ഷെ സത്യൻ അയാളെ തനിയെ വിട്ടില്ല. സ്വന്തം കാറിൽതന്നെ രാജുവിനെ റെയിൽവേ സ്റ്റേഷനിലേക്കു കൊണ്ടുപോയി; ടിക്കററു വാങ്ങിക്കൊടുത്തു വണ്ടിയിൽ കയററി. വണ്ടി പുറപ്പെടുന്നതിന്നു അല്പം മുമ്പ് സത്യൻ രാജുവിനെ സമീപിച്ചു ഒരു പണക്കിഴി നീട്ടിക്കാണിച്ചു. രാജു വാങ്ങാൻ മടിച്ചു. പക്ഷെ ഡോക്ടരുടെ നിർബ്ബന്ധവും, രാജുവിൻെറ ദാരിദ്ര്യവും അയാളേക്കൊണ്ട് ആ കിഴി വാങ്ങിക്കുകതന്നെ ചെയ്തു. അപ്പോഴെക്കും വണ്ടി ചൂളം വിളിച്ചു. അടുത്തു വരട്ടെ എന്നു രാജു പറഞ്ഞതോടുകൂടി വണ്ടി പുറപ്പെട്ടു. അതിന്നുശേഷം ഡോക്ടർ ആസ്പത്രിയിലേക്കു കാർ തിരിച്ചു.

# "സാറുട്ടി"

(ടി. കെ. മുഹമ്മത്, IV B. A.)

"ഇക്കാക്കാ, ഉമ്മ ബിളിക്കണ്ണ്." ഞാൻ തലയുയർത്തി നോക്കി. എന്റെ അയൽക്കാരിയായ ആ ബമ്മക്കാരി പെണ്ണാണ്.

"എന്തിനാ സാറേ" ഒന്നു പുഞ്ചിരിച്ചുകൊണ്ട് ഞാൻ ചോദിച്ചു.

"ആവോ, ക്ക് പുടീല്ല."

ഞാൻ പഠിച്ചുകൊണ്ടിരുന്ന പുസ്തകം പൂട്ടിവെച്ച് മെല്ലെ എണീററു. ആ പെൺകുട്ടിയുടെ കൈയ്യും പിടിച്ച് ഞാൻ പുറത്തേക്കിറങ്ങി.

'സാറാബായി' എന്നായിരുന്നു ആ പെൺകുഞ്ഞിന്റെ ബമ്മയിലെ പേര്. ഇന്ത്യയിലെത്തിയപ്പോൾ അവൾ 'സാറൂട്ടി'യായി. ഞാനവളെ 'സാറൂ'ന്നും വിളിക്കും.

അവളുടെ ബാപ്പ ബീരാനിക്ക പത്തു കൊല്ലം മുമ്പ് ഒരു ജോലിക്കുവേണ്ടി ഇന്ത്യ വിട്ട് ബമ്മയിലേക്കു പോയി. അയാൾക്കവിടെ ഒരു ബീഡിതെറുപ്പുകാരന്റെ ജോലിയും കിട്ടി. ദിവസത്തിൽ ആയിരവും ആയിരത്തിഅഞ്ഞൂറും അയാൾ തെറുച്ചുണ്ടാക്കും. കഴിഞ്ഞുകൂടുന്നതിനു ബുദ്ധിമുട്ടൊന്നും ഇല്ലാതായപ്പോൾ അയാൾക്കൊരു ബുദ്ധി തോന്നി. ഒരു ബമ്മക്കാരിയെ കല്യാണം കഴിക്കുവാൻ. നാട്ടിൽ അയാൾക്കു പെണ്ണും ഒരാൺകുട്ടിയുമുണ്ട്. പക്ഷെ ഒരു ബമ്മക്കാരിയെ കല്യാണം കഴിക്കണമെന്നയാൾക്കാഗ്രഹമുണ്ടായി. അതിനു പററിയതായ ഒരു പെണ്ണിനേയും അയാൾ കണ്ടുപിടിച്ചു. രണ്ടു കൊല്ലം കഴിഞ്ഞപ്പോൾ ഒരു കൊച്ചുപെൺകുഞ്ഞുണ്ടായി. അയാളവളെ 'സാറാബായി' എന്നു വിളിച്ചു.

കൊല്ലം വീണ്ടും ഒന്നുകൂടികഴിഞ്ഞു. ഒരു ദിവസം യാദൃശ്ചികമായി അയാളുടെ ബമ്മക്കാരിയായ ഭാര്യയെക്കാണാനില്ലാതായി. അവൾ ഒരു ചൈനാക്കാരനോടൊന്നിച്ച് ഒളിച്ചോടിപ്പോയെന്നു പിന്നീടയാളറിഞ്ഞു.

തന്റെ പെൺകുഞ്ഞിന്റെ മുഖത്തു നോക്കി അയാൾ വിതുമ്പിക്കരഞ്ഞു. അയാൾ ജോലിക്കു പോയാൽ തന്റെ കുഞ്ഞിനെ നോക്കാനൊരാളില്ലെന്ന സംഗതി അയാളെ കൂടുതൽ ദുഃഖത്തിലാഴ്ത്തി.

അടുത്ത മാസംതന്നെ തന്റെ കുഞ്ഞിനേയും കൊണ്ട് അയാൾ നാട്ടിലേക്കു പോന്നു. രണ്ടുകൊല്ലം കഴിഞ്ഞ് അയാൾ വീണ്ടും ബമ്മയിലേക്കുതന്നെ തിരിച്ചുപോയി. സാറാബായിക്കു ഏഴ വയസ്സായി. തന്റെ ബാപ്പാന്റെ ഭാര്യയെ അവൾ 'ഉമ്മ' എന്നു വിളിച്ചു. ഇന്ന് ആ സ്ത്രീക്ക് വേറെയും രണ്ടു കുട്ടികളുണ്ട്. പത്തു വയസ്സായ ഒരാൺകുട്ടിയും എട്ടു മാസം പ്രായമുള്ള ഒരിളയ പെൺകുഞ്ഞും.

ബീരാനിക്കാന്റെ ഭാര്യ കുഞ്ഞിവീ ഒരു മുൻചാട്ടക്കാരിയാണ്. 'സാറാബായി'യെ ആ സ്ത്രീ സാറൂട്ടി എന്നു വിളിച്ചു. 'ബായി' എന്ന പദം ആ ഉമ്മക്കത്ര പിടിച്ചില്ല.

ആ ബമ്മക്കാരി പെണ്ണിന്റെ പതിഞ്ഞ മൂക്ക് കാണുമ്പോഴേക്കും കുഞ്ഞീവിക്കു ദ്വേഷ്യം വരും. സാറൂട്ടിയെ അവൾക്കു കണ്ടുകൂടാതായിത്തീർന്നിരിക്കുന്നു. തന്റെ മക്കളോട് കുഞ്ഞീവിക്കു അതിയായ സ്നേഹമാണ്. അവരെ പൊന്നുപോലെ വളർത്താനാണവൾക്കാഗ്രഹം.

തന്റെ മൂത്ത മകനെ അവർ സ്കൂളിലേയ്ക്കയക്കും. പക്ഷെ സാറൂട്ടിയെ പഠിപ്പിക്കണമെന്ന് അവർക്കാഗ്രഹമില്ല. "ആ പെണ്ണിന്ന് പുത്തില്ല". ആരെങ്കിലും ചോദിച്ചാൽ കുഞ്ഞീവി പറയുന്ന മറുപടിയതാണ്.

സാറൂട്ടിയെ അവർ സാമാനങ്ങൾ വാങ്ങാൻ അങ്ങാടിക്കയക്കും. മുറ്റമെല്ലാം അടിച്ചുവൃത്തിയാക്കിക്കും. ആകപ്പാടെ ഒരു ഭൃത്യയെപ്പോലെ അവരവളെ വളർത്തി.

* * *

ഞാനും സാറവും കൂടി കയറിച്ചെല്ലുമ്പോൾ മുൻവാതിലിൽ തൂക്കിയിരുന്ന വിരിയും പിടിച്ചു കുഞ്ഞീവി കാത്തുനിൽക്കുന്നുണ്ടായിരുന്നു. എന്റെ കൈ പിടിച്ചുകൊണ്ടു നടന്നിരുന്ന സാറയെക്കണ്ടപ്പോൾ ആ സ്ത്രീ എടുത്തുചാടി.

"പെണ്ണ് ആരെ കയ്യും പുടച്ചാണ് വരുന്നത്. അങ്ങട്ട് ബിട്ട് നടന്നൂടെ" സാറ അകന്നുനിന്നു. അവൾ ദീനയായി എന്നെ ഒന്നു നോക്കിക്കൊണ്ട് അകത്തേക്കു നടന്നു.

പതിവുള്ളപോലെ അന്നും എന്നെ വിളിപ്പിച്ചത് ബീരാനിക്കാക്ക് കത്തെഴുതാനായിരുന്നു. അറുവകൂട്ടം വിവരങ്ങളുണ്ടാകും അവൾക്കെഴുതാൻ. ഞാൻ ഒരുമാതിരി ചുരുക്കി അങ്ങ് എഴുതിക്കൊടുത്തു തിരിച്ചുപോരും. അന്നും കുറെ വിവരങ്ങളെല്ലാമെഴുതി.

* * *

ഒഴിവു കിട്ടുമ്പോഴെല്ലാം സാറ എന്റെ വീട്ടിലേക്കു ഓടിവരും. എന്റെ പഠിക്കുന്ന മേശക്കരികെ വന്നു പറ്റിനിന്ന് അവൾ പുസ്തകങ്ങളിലേക്കു തുറിച്ചുനോക്കും. ചിലപ്പോൾ എന്റെ സമ്മതത്തോടുകൂടിത്തന്നെ പുസ്തകങ്ങളിലെ ചിത്രങ്ങൾ മറിച്ചുനോക്കി അവൾ രസിക്കും. എല്ലാം കഴിഞ്ഞു ഒരു കടലാസ്സുവഞ്ചിയുണ്ടാക്കിക്കൊടുക്കാൻ അവളെന്നെത്തിരക്കും. ഞാൻ വഞ്ചിയുണ്ടാക്കി അവളുടെ പതിഞ്ഞ മൂക്കിന്മേൽ വെച്ചുകൊടുക്കും. പൊട്ടിച്ചിരിച്ചുകൊണ്ട് അവളതു വാങ്ങിക്കൊണ്ട് പറയും "ഞ്ഞിക്കൊരു കടലുംണ്ടാക്കിത്താക്കാക്കാ". അവൾക്കു ഞാനിനി ഒരു സമുദ്രം സൃഷ്ടിച്ചുകൊടുക്കണമെത്രെ! "എന്തിനാ സാറൂ!" ഞാൻ ചിരിച്ചുകൊണ്ടു ചോദിക്കും.

"ക്ക് ന്റെ ബാപ്പാന്റെരത്ത്ക്ക് പൊവ്വാനാ."

എനിക്ക് ചിരിക്കാൻ തോന്നി. പക്ഷെ ഞാൻ ചിരിച്ചില്ല. അവൾക്ക് ആ കടലാസ്സ് വഞ്ചിയിൽക്കയറി ബമ്മയിലേക്കു പോണംപോൽ. ആ കുസൃതിയുടെ ഭാവനക്കു മുമ്പിൽ ഞാൻ തല കുനിച്ചുപോയി. അപ്പോഴേക്കും കേൾക്കാം "സാറൂട്ടീ! ഇബടെ ബാ, പെണ്ണേ!" എന്നുള്ള കുഞ്ഞീവിന്റെ നീണ്ട വിളി.

സാറ ഓടിപ്പോകും. ഞാനവളെത്തന്നെ നോക്കിക്കൊണ്ട് ഒരു നെടുവീർപ്പിടും. എനിക്ക് ഒരു കൊച്ചുപെങ്ങളില്ലാത്തതുകൊണ്ടാവണം എനിക്കാ കൊച്ചുപെണ്ണിനോട് അതിയായ വാത്സല്യം തോന്നിയത്.

ഞാൻ സ്കൂൾ വിട്ടു വരുമ്പോഴേക്ക് അവളും എങ്ങിനെയെങ്കിലും എന്റെ വീട്ടിലെത്തും. പക്ഷെ അഞ്ചു മിനുട്ട് കഴിയുമ്പോഴേക്കും കുഞ്ഞീവിയുടെ നീണ്ട വിളി കേൾക്കും. ചിലപ്പോഴൊക്കെ സാറയുടെ നിലവിളിയും കേൾക്കും. കുഞ്ഞീവി അവളെ പ്രഹരിക്കുകയായിരിക്കും.

ഒരു ദിവസം ഞാൻ സ്കൂൾ വിട്ടു വരുമ്പോൾ സാറയുണ്ട് റോട്ടിൽ കിടന്നു നിലവിളിക്കുന്നു. അവളെ മണ്ണെണ്ണ വാങ്ങാൻ അങ്ങാടിക്കയച്ചതായിരുന്നു. പക്ഷെ ആ പാവപ്പെട്ട പെണ്ണിനു വലിയ കുപ്പിയേററി നടക്കുവാൻ കഴിഞ്ഞില്ല. അവൾ മറിഞ്ഞുവീണു. കുപ്പി പൊട്ടി. വീട്ടിലെത്തിയാൽ കുഞ്ഞീവി തല്ലുമെന്ന പേടിയാൽ അവളവിടെത്തന്നെ കിടന്നു കരയുകയാണ്.

അവളുടെ മുട്ടുകളിൽ ചോര പൊടിഞ്ഞുവന്നിരുന്നു. ഞാൻ മെല്ലെ അവളെ വീട്ടിലേക്കു കൊണ്ടുപോന്നു.

ഉമ്മ തല്ലില്ലെന്നു പറഞ്ഞു ഞാനവളെ സമാശ്വസിപ്പിച്ചു പുതിയൊരു കുപ്പി കൊടുത്തു് അവളുടെ കുടിയിലേക്കയച്ചു.

ആ പാവപ്പെട്ട പെണ്ണ് നിരവധി യാതനകളും ദുരിതങ്ങളുമനുഭവിച്ചു ജീവിച്ചു. നിർദാക്ഷിണ്യം അവളെ പ്രഹരിക്കുന്നതിനു കുഞ്ഞീവിക്ക് മടിയുണ്ടായിരുന്നില്ല. അവൾ ചെയ്യുന്നതെല്ലാം അവരുടെ ദൃഷ്ടിയിൽ കുററങ്ങളായിരുന്നു.

ആ വട്ടമുഖവും പതിഞ്ഞ മൂക്കും തിളങ്ങുന്ന കണ്ണുകളും എനിക്കൊരിക്കലും മറക്കാവതല്ല. ദീനത ആ കണ്ണുകളിൽ കളിയാടിയിരുന്നു. എന്റെ സന്നിധിയിൽ വെച്ച് അവൾ ചിരിക്കുകയും പാടുകയും ചെയ്തിരുന്നു. ഞാനവളെ എപ്പോഴും സമാധാനിപ്പിക്കാൻ പരിശ്രമിച്ചിരുന്നു. പക്ഷെ ഞാനതിൽ തികച്ചും വിജയിച്ചിരുന്നുവെന്ന് എനിക്കുതന്നെ തോന്നുന്നില്ല.

* * *

സ്കൂൾഫൈനൽ കഴിഞ്ഞു ഞാൻ കോളേജിലേക്കു പോന്നു. പിന്നീട് ഒരവധിക്കാലം ഞാൻ നാട്ടിലേക്കുതന്നെ തിരിച്ചു.

ഒരു ദിവസം കുഞ്ഞീവിയുടെ മകൻ കാസിം വന്നു എന്നെ വിളിച്ചു. ഞാൻ ചെന്നു. കത്തെഴുതിക്കഴിഞ്ഞശേഷം ഞാൻ മെല്ലെ കുഞ്ഞീവിയോട് ചോദിച്ചു. “സാറ ഇവിടെയില്ലേ.”

“ഇല്ല മോനേ! ഓള് അള്ളാന്റെടുത്ത് പോയി.”

ഞാൻ തരിച്ചിരുന്നുപോയി. എന്റെ സാറ മരിച്ചുപോയിരിക്കുന്നുവെന്ന്. വിദൂരതയിലേക്കു നോക്കി ഞാനല്പനേരം ഇരുന്നുപോയി. ഞാനറിയാതെത്തന്നെ എന്റെ കണ്ണുകൾ നനഞ്ഞു. ആ പതിഞ്ഞ മൂക്കുള്ള പെൺകുഞ്ഞിന്റെ രൂപം എന്റെ ഹൃദയത്തിലേക്കുയർന്നുവന്നു. എനിക്കൊന്നും മിണ്ടാൻ കഴിഞ്ഞില്ല. ഞാൻ സാവധാനം എഴുന്നേററു നടന്നു.